**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1275 04.12.2014-ൽ മറുപടി

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീ.മാത്യു റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീമതി ജമീല പ്രകാശം | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിൽ എത്രമാത്രം വിജയിച്ചുവെന്ന് വ്യക്തമാക്കാമോ; | 2015 അവസാനത്തോടുകൂടി പദ്ധതി പ്രകാരമുള്ള സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും 3 സെന്റ് ഭൂമി വീതം വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്ക് പതിച്ചു നൽകാനാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അനുയോജ്യമായ സർക്കാർ ഭൂമികൾ കണ്ടെത്തി ഭൂമി പതിവ് ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിവിധ ഘട്ടങ്ങളിലായി പട്ടയം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ടത്തിൽ തന്നെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ലിസ്റ്റിലുണ്ടായിരുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിൽ കണ്ടെത്തി പ്ലോട്ട് തിരിച്ചിരുന്ന ഭൂമികൾ മുഴുവനും കോടതി കേസുകൾ മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എതിർപ്പുകൾ മുഖേനയും ഒന്നാം ഘട്ടത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടാം ഘട്ടത്തിൽ ലിസ്റ്റിൽ അവശേഷിക്കുന്ന പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിനാണ് ഊർജ്ജിതമായി ശ്രമിച്ചു വരുന്നത്. |

| | | |
|---|---|---|
| (ബി) | ഈ പദ്ധതിയിൽ ഇതിനോടകം എത്രപേർക്ക് എത്ര സെന്റ് ഭൂമി വീതം വിതരണം ചെയ്തു എന്ന് വിശദമാക്കാമോ; | ഒന്നാം ഘട്ടമായി 36,491 പേർക്ക് പട്ടയം വിതരണം ചെയ്തു. കണ്ടെത്തിയ മുഴുവൻ ഭൂമിയും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) | ഈ പദ്ധതിയുടെ ഉപഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന്റെ ചുമതലയിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ? | റവന്യൂ വകുപ്പ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അപേക്ഷകരുടെ അർഹത കണ്ടെത്തുന്നതും പതിവ് നടപടികൾ സ്വീകരിക്കുന്നതും ബന്ധപ്പെട്ട തഹസിൽദാർമാരുടെയും ജില്ലാ കളക്ടർമാരുടെയും മാത്രം ഉത്തരവാദിത്വമാണ്. അപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഉൾപ്പെടെയുള്ള ചുമതലകൾ റവന്യൂ വകുപ്പിൽ നിയമപ്രകാരം നിക്ഷിപ്തമാവുകയും ചെയ്തിരിക്കുന്നു. |

C.K.V. Kumar

**സെക്ഷൻ ഓഫീസർ**